

THURSDAY 09.05.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/05/2024

1. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകൾ പരിമിതമായ എണ്ണത്തിൽ ഒരു റേഷൻ കാർഡിന് 10 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ മെയ് മാസം 15 മുതൽ 25 വരെ 0467 2260632 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് തെങ്ങിൻ തൈകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടുതൽ തെങ്ങിൻ തൈകൾ പരമാവധി അൻപത് എണ്ണം വരെ ആവശ്യമുള്ളവർ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ബുക്കിംഗ് സമയത്ത് അറിയിക്കേണ്ടതാണ്. തൈകളുടെ ലഭ്യതയ്ക്കനുസരിച്ച് ബുക്കിംഗ് പരിമിതപ്പെടുത്തുന്നതായിരിക്കും. ജൂൺ മാസം ആദ്യവാരം മുതൽ തൈകളുടെ വിതരണം അരംഭിക്കും. ഒരു തെങ്ങിൻ തൈയുടെ വില 325 രൂപ .

2. ഉഷ്ണതരംഗം വളർത്തുമൃഗങ്ങൾനഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാം. അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുന്ന പശ്ചാത്തലത്തിൽ വളർത്തുമൃഗങ്ങൾക്ക് നേരിടുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം ലഭിക്കും. വേനൽകെടുതികൾക്ക് സമാശ്വാസമായി ദുരന്തനിവാരണ നിധിയിൽ നിന്നുമാണ് ധനസഹായം അനുവദിക്കുക. സർക്കാർ മൃഗാശുപത്രികൾവഴിയാണ് ദുരന്തനിവാരണ അതോറിറ്റിക്ക് അടപക്ഷ സമർപ്പിക്കേണ്ടത്. പോസ്റ്റുമോർട്ടം റിപ്പോർട്ടും സാക്ഷ്യപത്രവും ഉറപ്പായും നൽകണം. മൃഗപരിപാലകർക്ക് ഇൻഷുറൻസ് മുഖാന്തിരമുള്ള നഷ്ടപരിഹാരത്തിനും അർഹതയുണ്ട് എന്ന് ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. പ്രകൃതി ക്ഷോഭം, രോഗ കിടാക്രമണം എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾക്ക് അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേന ഇൻഷുറൻസ് പരിരക്ഷ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

നൽകുന്നു. ഇൻഷുർ ചെയ്യാൻ വേണ്ട തെങ്ങുകളുടെ ഏറ്റവും കുറഞ്ഞ എണ്ണം 10 ആണ്. വിള ഇൻഷുർ ചെയ്യാൻ വേണ്ട പ്രായം ഒരാണ്ടിൽ കുറഞ്ഞത് 30 കായ്ഫലം നൽകുന്ന തെങ്ങുകൾ. തെങ്ങ് ഒന്നിന് ഒരു വർഷത്തേക്ക് 2 രൂപയാണ് അടയ്ക്കേണ്ട പ്രീമിയം. (3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങ് ഒന്നിന് 5 രൂപ എന്ന തോതിൽ ആണ്) നഷ്ട പരിഹാര തോത് തെങ്ങ് ഒന്നിന് 2000 രൂപ ആണ്.കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ - 18004251661, വാട്സാപ്പ് നമ്പർ 9447051661.

4. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ. എസ്.എ. സി.സി) കശുമാവ് വ്യാപനത്തിൻ്റെ ഭാഗമായി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കാർഷിക ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള ഗ്രാഫ്റ്റുകൾ, അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ച് വളർത്താവുന്ന കശുമാവ്, ഒരു മരത്തിൽ നിന്നും 15 മുതൽ 25 കിലോ വരെ ഉൽപ്പാദനം, മഞ്ഞൾ, ഇഞ്ചി, പച്ചക്കറികൾ, കുരുമുളക് എന്നീ ഇടവിള കൃഷിയിലൂടെ അധിക വരുമാനം തൈകൾ ആവശ്യമുള്ളവർ നേരിട്ടോ www.kasumavukrishi.org അല്ലെങ്കിൽ www.cashewcultivation.org എന്ന വെബ്സൈറ്റുകളിലൂടെ ഓൺലൈനായോ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് കോ-ഓർഡിനേറ്റർ (തെക്കൻ മേഖല) 94960 46000, കോ-ഓർഡിനേറ്റർ (വടക്കൻ മേഖല) 94960 47000. ബന്ധപ്പെടേണ്ട മേൽവിലാസം കശുമാവ് കൃഷി വികസന എജൻസി അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്. കൊല്ലം-691001 ഫോൺ നമ്പർ 0474 -2760456.

5. നൻമ, മേൻമ, ശ്രേയ- മരച്ചീനി ഇല അധിഷ്ഠിത ജൈവ ഉൽപന്നങ്ങൾ സി. റ്റി. സി. ആർ. ഐ. യിൽനിന്നും ലഭിക്കും. നൻമ, മേൻമ, ശ്രേയഎന്നീ പരിസ്ഥിതി സൗഹൃദ മരച്ചീനി അധിഷ്ഠിത ജൈവഉൽപന്നങ്ങൾ വാഴയിലെ തടതുരപ്പൻ പോലുള്ള തുരപ്പൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കീടങ്ങൾ; മീലിമൂട്ട, വെള്ളീച്ചകൾ, ഇലപ്പേനുകൾ, ചെള്ളുകൾ പോലുള്ള വിവിധയിനം നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ; പ്രാരംഭ ഘട്ടത്തിലുള്ള പുഴുക്കൾ എന്നിവയുടെയെല്ലാം നിയന്ത്രണത്തിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ജൈവഉൽപന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ശ്രീകാര്യത്തുള്ള കേന്ദ്രകിഴങ്ങുവിളഗവേഷണസ്ഥാപനത്തിലെ (സി. റ്റി. സി. ആർ. ഐ.) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടണം.

6. കായംകുളം വെറ്ററിനറി പോളി ക്ലിനിക്കിൽ ഇന്ന് (9/05/24)രാവിലെ 10 മണിക്ക് ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്ന് എടുത്ത രണ്ടു മാസം പ്രായമുള്ള അതുദ്പാദന ശേഷിയുള്ള കോഴികുഞ്ഞുങ്ങളെ വിതരണം ചെയുന്നു. താത്പര്യം ഉള്ള കർഷകർ മൃഗാസ്പത്രിയിൽ നേരിട്ടോ അല്ലെങ്കിൽ 9567376377 എന്ന ഫോൺ നമ്പരിൽ മൃഗാശുപത്രിയിൽ പ്രവർത്തി സമയത്തു വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഒരു കോഴികുഞ്ഞിന്റെ വില 130 രൂപ ആണ്.

**പരിശീലന പരിപാടി**

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് മെയ് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

8. അലങ്കാര മത്സ്യങ്ങളിൽ വെൽവെറ്റ് രോഗം -പിസിനോഡിനിയം എസ്പി എന്ന ഡൈനോ ഫ്ലാജെലേറ്റ് പരാദമാണ് രോഗകാരണം. പുതിയതായി വാങ്ങുന്ന മത്സ്യ ങ്ങളെയോ ചെടികളെയോ പ്രത്യേക ടാങ്കുകളിലിട്ട് രോഗ വാഹികളല്ലെന്ന് ഉറപ്പാക്കാതെ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

നേരിട്ട് അക്വേറിയത്തിലേക്ക് ഇടുമ്പോഴാണ് അക്വേറിയത്തിൽ രോഗകാരണമായ പരാദങ്ങൾ കടന്നുകൂടുന്നത്. അക്വേറിയത്തിൽ അടിഞ്ഞു കൂടുന്ന അഴുക്കുകൾ യഥാസമയം വൃത്തിയാക്കാതിരുന്നാലും പരാദ ബാധയുണ്ടാകും. രോഗം വളരെ വേഗം പടർന്നു പിടിക്കും. വെൽവെറ്റ് അസുഖത്തിന് പലതരം ചികിത്സാരീതികളുണ്ട്. ഏറ്റവും ഫലപ്രദം ഹൈഡ്രജൻ പെറോക്സൈഡ് ഉപയോഗിച്ചുള്ള ചികിത്സയാണ്. അസുഖമുള്ള മത്സ്യങ്ങളെ ജലം നിറച്ച മറ്റൊരു ഗ്ലാസ് ടാങ്കിലേക്ക് മാറ്റുകയാണ് ആദ്യ പടി. ടാങ്കുകൾക്ക് അടിയിൽ മണലോ മറ്റു സാധനങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം. തുടർന്ന് ഈ ടാങ്കിൽ എയറേഷൻ കൊടുക്കുക. വിപണിയിൽ ലഭിക്കുന്ന ഹൈഡ്രജൻ പെറോക്സൈഡ് വാങ്ങി 50 പിപിഎം എന്ന തോതിൽ ടാങ്കിലേക്ക് ഒഴിക്കണം. 24 മണിക്കൂറിനുശേഷം പരിശോധിക്കുമ്പോൾ, തരിതരിപോലെ മത്സ്യങ്ങളുടെ ഉപരിതലത്തിൽ കണ്ട വെളുത്ത പൊടി പോയതായി കാണാം. മുഴുവനായും പോയിട്ടില്ലെങ്കിൽ 40 ppm അളവിൽ 24 മണിക്കൂർ കൂടി ഇത്തരത്തിൽ ചികിത്സിക്കണം. ഹൈഡ്രജൻ പെറോക്സൈഡ് ജലത്തിൽ എത്തിയാൽ വെൽവെറ്റ് രോഗകാരികളായ പരാദങ്ങളെയും മറ്റും കൊല്ലുകയും ജലം അണുവിമുക്തമാക്കുകയും ചെയ്യും.